## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.716 05.02.2020-ൽ മറുപടിയ്ക്ക്

## കുംബാര സമുദായത്തിന് പട്ടികജാതി പദവി

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കുംബാര സമുദായത്തിന് പട്ടികജാതി പദവി നൽകണമെന്ന് കിർത്താഡ്സ് ശിപാർശ നൽകിയിരുന്നോ; | (എ) & (ബി) | ഇല്ല. വിവിധ കുംഭാര സമുദായ സംഘടനകൾ തങ്ങളെ പട്ടികജാതിയിൽ ഉൾപ്പെടുത്തണ മെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ കിർത്താഡ്സ് വിശദമായ പുന:രന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ഇതേ വിഷയത്തിൽ അവർ 1990-ൽ നല്കിയ റിപ്പോർട്ടിനെ ശരിവെയ്ക്കുകമാത്രമാണ് ചെയ്തത്. എന്നാൽ, ഉത്തരേന്ത്യയിലെ ജാട്ട് സമുദായത്തെ കേന്ദ്ര സർക്കാരിന്റെ OBC പട്ടികയിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 17.03.2015-ൽ Ram Singh and Others Vs Union of India കേസ്സിൽ ബഹു: സുപ്രീം കോടതിയുടെ നിരീക്ഷണം ഈ വിഷയത്തിൽ മാനദണ്ഡമാക്കുകയാണെങ്കിൽ "protective discrimination" ഇവർ അർഹിക്കുന്നുണ്ടെന്നും ഇതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയപരമായ തീരുമാനം ആവശ്യമാണെന്നും കിർത്താഡ്സ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഏതൊക്കെ കാരണങ്ങളാലാണ് കിർത്താഡ്സ് പ്രസ്തുത ശിപാർശ നൽകിയതെന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | പ്രസ്തുത ശിപാർശ പട്ടികജാതി കമ്മീഷൻ തള്ളിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ് എന്ന് അറിയിക്കുമോ? | (സി) | പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ ഈ വിഷയത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>'കുംബാരൻ സമുദായം സ്വാതന്ത്ര്യ ലബ്ധിക്ക് |

| | | | |
|---|---|---|---|
| | | | മുമ്പ് ഒരു കാലത്തും പട്ടികജാതി പട്ടികവർഗ്ഗക്കാർ അനുഭവിച്ചതുപോലുള്ള സാമൂഹ്യ അനീതിയ്ക്കും, അക്രമത്തിനും, അയിത്താചരണത്തിനും, അടിമത്തത്തിനും വിധേയരായിരുന്നതായി ഒരു രേഖയും, തെളിവും കിർത്താഡ്സ് കണ്ടെത്തിയിട്ടില്ല. ആയതിനാൽ അവർക്ക് പട്ടികജാതിയിലോ പട്ടികവർഗ്ഗ വിഭാഗത്തിലോ ഉൾപ്പെടാൻ അർഹതയില്ല. സാമ്പത്തികമായ അവശതയ്ക്ക് പരിഹാരമായി ഒരു സമുദായത്തേയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ കഴിയില്ല. ഇന്ത്യൻ ഭരണഘടന നിലവിൽ വന്നതിനുശേഷം, ആർട്ടിക്കിൾ 341, 342 എന്നിവ പ്രകാരം പട്ടികജാതി ലിസ്റ്റും, പട്ടികവർഗ്ഗ ലിസ്റ്റും നിലവിൽ വന്ന് 70 വർഷത്തിനുശേഷം പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പുതുതായി സമുദായങ്ങളെ ഉൾപ്പെടുത്തണമെന്ന് ആവശ്യം ഉന്നയിക്കുന്നത് യുക്തിയ്ക്ക് നിരക്കാത്തതും, പട്ടിക വിഭാഗക്കാരുടെ അവകാശത്തിലുള്ള കടന്നുകയറ്റ ശ്രമമായി പരിഗണിക്കേണ്ടതുമാണ്.' പ്രസ്തുത നിർദ്ദേശങ്ങൾ പരിഗണിച്ച് സർക്കാർ തുടർനടപടികൾ സ്വീകരിയ്ക്കുവാനാണ് കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ